**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5937** — **25-03-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫോർമറുകളുടെ കുറവ് പരിഹരിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ.എസ്.ഇ.ബി.യ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചുനൽകാൻ പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡുമായി(കെൽ) കരാറിൽ ഏർപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>2023-24 സാമ്പത്തിക വർഷത്തിലേയ്ക്ക് സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികൾക്കായി ആവശ്യമായ ട്രാൻസ്ഫോർമറുകൾ നല്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡുമായി (KEL) താഴെപ്പറയുന്ന പ്രകാരം ട്രാൻസ്ഫോർമറുകൾ നല്കുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്നു.<br><br><table><tr><th>ട്രാൻസ്ഫോർമർ</th><th>എണ്ണം</th></tr><tr><td>100 കെ. വി. എ</td><td>1198</td></tr><tr><td>160 കെ. വി. എ</td><td>340</td></tr><tr><td>500 കെ. വി. എ</td><td>11</td></tr><tr><td>ആകെ</td><td>1549</td></tr></table></td></tr>
<tr><td>(ബി)</td><td>കരാർ പ്രകാരം നിശ്ചിത സമയത്തിനുളളിൽ ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചുനൽകാൻ കെല്ലിനു കഴിഞ്ഞിരുന്നോ; അറിയിക്കുമോ;</td><td>(ബി)</td><td>കരാർ പ്രകാരം, 65 എണ്ണം 160 കെ.വി.എ ട്രാൻസ്ഫോർമറുകൾ കാലാവധിക്കുള്ളിൽ കെൽ നല്കിയിരുന്നു. 11 എണ്ണം 500 കെ.വി.എ ട്രാൻസ്ഫോർമറുകൾ കരാർ കാലാവധിയ്ക്ക് ശേഷമാണ് നല്കിയിട്ടുള്ളത്.<br>100 കെ.വി.എ ട്രാൻസ്ഫോർമറുകൾ ഒന്നും തന്നെ നൽകിയിട്ടില്ല.</td></tr>
<tr><td>(സി)</td><td>ഇല്ലെങ്കിൽ ആയത് വൈദ്യുതി വിതരണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?</td><td>(സി)</td><td>2024 ഏപ്രിൽ, മെയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗം മൂലം കെ.എസ്.ഇ.ബി.എൽ. ശൃംഖലയിൽ ഉണ്ടായ ക്രമാതീതവും അപ്രതീക്ഷിതവുമായ ലോഡ് വർദ്ധനവ് ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടി മറികടക്കുന്നതിനെ ട്രാൻസ്ഫോർമറിന്റെ ലഭ്യതയിലുണ്ടായ കുറവ് ദോഷകരമായി ബാധിച്ചിരുന്നു. ഉഷ്ണ തരംഗത്തെ തുടർന്നു അപ്രതീക്ഷിതമായി ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും ഉണ്ടായ ലോഡ് വർദ്ധനവിനെ</td></tr>
</table>

| | | | |
|---|---|---|---|
| | | | തുടർന്നുള്ള പ്രതിസന്ധിയെ ലോഡ് റീ അറേഞ്ച് ചെയ്തും വിവിധങ്ങളായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവൃത്തികൾ നടപ്പിലാക്കിയും ഒരു പരിധി വരെ നിയന്ത്രണത്തിലാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സാധിച്ചിരുന്നു.<br><br>ട്രാൻസ്ഫോർമറുകളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 10.10.2024-ലും 20.11.2024-ലും പുതിയ 1940 ട്രാൻസ്ഫോർമറുകൾക്കു പർച്ചേസ് ഓർഡറുകൾ കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. ടി പർച്ചേസ് ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകളുടെ വിതരണം നടന്നു വരുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ